8802
17/5/19

* ഭരണഭാഷ മാതൃഭാഷ *


ജില്ലാമെഡിക്കൽ ഓഫീസ്
ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ,
സിവിൽ സ്റ്റേഷൻ, മലപ്പുറം 676505
ഫോൺ/ഫാക്സ് നമ്പർ 04832734852, Email dmoismmpm@gmail.com


## അനുബന്ധം-എച്ച്-4

## നോട്ടീസ്

ശ്രീമതി. എസ് ശിവകാമി, സ്വീപ്പർ കം സാനിറ്റേഷൻ വർക്കർ എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 1960 ലെ കേരള സിവിൽ സർവ്വീസുകൾ(തരം തരിക്കലും നിയന്ത്രണവും അപ്പീലും)ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്നപ്രകാരമുള്ള ശിക്ഷണ നടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കാൻ കാരണം കാണിക്കുന്ന നിങ്ങളുടെ എതിർ വാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോട് നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള ചാർജ് മെമ്മോ/കുറ്റപത്രം/കാരണം കാണിക്കൽ നോട്ടീസ് 27.03.2019 ലെ ഇ2-4520/2018 നമ്പർ പ്രകാരം ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽ വിലാസത്തിൽ അയച്ചിരുന്നു. എന്നാൽ ആ ചാർജ് മെമ്മോ താങ്കൾ കൈപറ്റിയിട്ടില്ല. താങ്കളിൽ നിന്നുള്ള പ്രതിവാദപ്പട്ടിക കിട്ടാത്തതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് നിങ്ങളുടെ ലിഖിതമായി എതിർ വാദ പത്രികയോ മറ്റു വിശദീകണമോ ലഭിക്കാത്ത പക്ഷം നിങ്ങൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്.കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണത്തിന്റെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്ക് മുമ്പ് ജില്ലാ മെഡിക്കൽ ഓഫീസർ (ഐ.എസ്.എം) മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസ് (ഐ.എസ്.എം) (ഓഫീസറുടെ ഉദ്യോഗപ്പേരും ഓഫീസിന്റെ പേരും) ൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലെ അല്ലങ്കിൽ അത് അയക്കേണ്ടതായ നിങ്ങളുടെ മേൽ വിലാസം നൽകികൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിൻമേലോ നിങ്ങൾക്ക് വാങ്ങാവുന്നതാണ്.

വിശ്വാസപൂർവ്വം

ജില്ലാമെഡിക്കൽ ഓഫീസർ (ഐ.എസ്.എം)
മലപ്പുറം

ജില്ലാ മെഡിക്കൽ ഓഫീസ് * ഭാരതീയ ചികിത്സാ വകുപ്പ്
പിൻ-676 505.

ഇ2-4520/2018

ജില്ലാമെഡിക്കൽ ഓഫീസ്
ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ,
സിവിൽ സ്റ്റേഷൻ, മലപ്പുറം 676505, തിയതി: 27.03.2019
ഫോൺ/ഫാക്സ് നമ്പർ 04832734852, Email dmoismmpm@gmail.com

കുറ്റപത്രം

വളവന്നൂർ ജില്ലാ ആയുർവേദാശുപത്രിയിലെ സ്വീപ്പർ കം സാനിറ്റേഷൻ വർക്കർ ആയിരുന്ന ശ്രീമതി. എസ്. ശിവകാമിക്കെതിരായ കുറ്റപത്രം.

1. വളവന്നൂർ ജില്ലാ ആയുർവേദാശുപത്രിയിലെ സ്വീപ്പർ കം സാനിറ്റേഷൻ വർക്കർ ആയിരുന്ന താങ്കൾ 15.05.2018 മുതൽ അനധികൃതമായി ജോലിക്ക് ഹജരാകാതിരുന്നു.
2. സർക്കാർ ഉദ്യോഗസ്ഥയായിരുന്ന താങ്കളെ 17.09.2018 മുതൽ എഫ്.ആർ.പി 825/2018 ആയി മഞ്ചേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി റിമാന്റ് ചെയ്തു.
3. സർക്കാർ ഉദ്യോഗസ്ഥയായിരുന്ന താങ്കളെ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി കേസ് നം. 1114/2018 ആയി സിംപിൾ ഇൻപ്രിസൺമെന്റായി മൂന്ന് മാസം വീതം ശിക്ഷിക്കുകയും 200/- രൂപാ വീതം ഫൈൻ അടക്കുവാൻ ഉത്തരവാകുകയും ചെയ്തു.
4. 17.09.2018 മുതൽ 10.12.2018 വരെ താങ്കൾ ജുഡീഷ്യൽ കസ്റ്റഡിയിൽ ആയിരുന്നു. 15.12.2018 ന് ഫൈൻ അടച്ച് താങ്കൾ ജയിൽ മോചിതയായി.

മേൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾക്കെതിരായി താങ്കളുടെ പേരിൽ 1960 ലെ കെ.സി.എസ്(സി.സി&എ) റൂൾ പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കാതിരിക്കാൻ മതിയായ കാരണം വല്ലതും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ കുറ്റപത്രം കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം ഈയാഫീസിൽ ഹാജരാക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ തർക്കപത്രിക ലഭിച്ചിട്ടില്ലായെങ്കിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കുറ്റപത്രത്തിന് ആധാരമായ ആരോപണ പത്രിക ഇതോടൊപ്പം നൽകുന്നു.

ജില്ലാമെഡിക്കൽ ഓഫീസർ (ഐ.എസ്.എം)
മലപ്പുറം

പകർപ്പ്:

ശ്രീമതി. എസ്. ശിവകാമി, W/o സഫുവാൻ, കാക്കോച്ചിന്റെ പുരക്കൽ, കുട്ടായി, പി.ഒ മംഗലം, തിരൂർ -676101 (രജിസ്ട്രേഡ് A/D) (ഓഫീസിൽ നൽകിയ മേൽ വിലാസം)

ശ്രീമതി. എസ്. ശിവകാമി, അമ്പലപ്പറമ്പ്, ആതവനാട് പി.ഒ (രജിസ്ട്രേഡ് A/D) (സ്ഥിര മേൽ വിലാസം)

Sivakami, W/o Saifu, Pollachi, Anamala, Kupoochi Nagar, Tamil Nadu (Registred A/D) (കോടതിയിൽ നൽകിയ മേൽ വിലാസം)

"ഭരണഭാഷ-മാതൃഭാഷ"

ജില്ലാ മെഡിക്കൽ ഓഫീസ്
ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ
സിവിൽ സ്റ്റേഷൻ, മലപ്പുറം. 676505
email: dmoismmpm@gmail.com
ഫോൺ/ഫാക്സ്: 0483273852
തീയതി: 27.03.2019

ഇ2-4520/2018

## കുറ്റാരോപണ പത്രിക

വളവന്നൂർ ജില്ലാ ആയുർവേദാശുപത്രിയിലെ സ്വീപ്പർ കം സാനിറ്റേഷൻ വർക്കറായ ശ്രീമതി. എസ്. ശിവകാമി എന്ന താങ്കൾ 18.05.2018 മുതൽ സ്ഥാപനത്തിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നു. സർക്കാർ ഉദ്യോഗസ്ഥയായ താങ്കൾ 17.09.2018 മുതൽ ജുഡീഷ്യൽ കസ്റ്റഡിയിലാകുകയും ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയുടെ കേസ് നം. 1114/18, U/s. 454, 380r/w 34 പ്രകാരം സിംപിൾ ഇൻപ്രിസൺമെന്റായി മൂന്ന് മാസം വീതം ശിക്ഷിക്കുകയും 200/- രൂപാ വീതം ഫൈൻ അടച്ച് താങ്കൾ ജയിൽ മോചിതയാകുകയും ചെയ്തു

മേൽ കുറ്റാരോപണങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീമതി. എസ്. ശിവകാമിക്ക് എതിരായി 1960 ലെ കെ.സി.എസ്(സി.സി&എ) റൂൽ പ്രകാരം ശിക്ഷാനടപടി സ്വീകരിക്കാൻ വകുപ്പ് നിർബന്ധിതമായിരിക്കുന്നു.

ജില്ലാമെഡിക്കൽ ഓഫീസർ (ഐ.എസ്.എം)
മലപ്പുറം

പകർപ്പ്:

ശ്രീമതി. എസ്. ശിവകാമി, W/o സഫുവാൻ, കാക്കോച്ചിന്റെ പുരക്കൽ, കുട്ടായി,
പി.ഒ മംഗലം, തിരൂർ-676101 (രജിസ്ട്രേഡ് A/D) (ഓഫീസിൽ നൽകിയ മേൽ വിലാസം)

ശ്രീമതി. എസ്. ശിവകാമി, അമ്പലപ്പറമ്പ്, ആതവനാട് പി.ഒ (രജിസ്ട്രേഡ് A/D)
(രജിസ്ട്രേഡ് A/D) (സ്ഥിര മേൽ വിലാസം)

Sivakami, W/o Saifu, Pollachi, Anamala, Kupoochi Nagar, Tamil Nadu (Registred A/D)
(കോടതിയിൽ നൽകിയ മേൽ വിലാസം)